# Open HORIZON



GHS VELLINEZHI

# INDEX


- മുഖമൊഴി
- സന്ദേശം
- നിങ്ങൾ എന്നെ ഓർക്കുമോ- കവിത
- വിലയില്ലാത്തൊരു ഓർമ്മ- കവിത
- അതിജീവനം- വിവരണം
- Nature- വിവരണം
- മലയാളം പഴഞ്ചൊല്ലുകൾ
- സൂക്തങ്ങൾ
- പ്രശ്നോത്തരി
- വിനീതയുടെ ആത്മാവ്- കവിത
- നൈമിഷികം- കവിത
- തക്കേനെക്ക- കവിത
- അനുബന്ധങ്ങൾ

# മുഖമൊഴി

ഇത് ഞങ്ങൾ വെള്ളിനേഴി ഗവൺമെന്റ് ഹൈസ്ക്കൂൾ
വിദ്യാർത്ഥികൾ തയ്യാറാക്കിയ ഇ- മാഗസിൻ. കേവലം ഒരു പരീക്ഷണം മാത്രമായി ഇതിനെ കാണുക. പഠനത്തിന്റെ ഭാഗമായി ഞങ്ങൾ സ്വായത്തമാക്കിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഈ വിദ്യാലയത്തിലെ സർഗ്ഗധനരായ കുട്ടികളുടെയും അദ്ധ്യാപകരുടെയും കൂട്ടായ്മയിൽ ഞങ്ങൾ
അണിയിച്ചൊരുക്കിയ ഒരു സർഗ്ഗോപഹാരം.
പരിമിതികളും അപൂർണ്ണതകളും കണ്ടേക്കാം. കാരണം ഇതിലെ ഓരോ ഘട്ടവും ഞങ്ങൾ കുട്ടികളുടെ മാത്രം സംഭാവനയാണ്.

**ഇത് നിങ്ങൾ ഹൃദയത്തിലേക്ക്**

**ഏറ്റുവാങ്ങിയാലും......**

## ആശംസകളോടെ.....

**"വിദ്യാലയത്തിലെ ലിറ്റിൽകൈറ്റ്സ് കൂട്ടുകാരുടെ വകയായി ഒരു ഡിജിറ്റൽ മാഗസിൻ- 'Open Horizon' എന്ന പേരിൽ പുറത്തിറക്കുന്നതായി അറിഞ്ഞു. തീർച്ചയായും അതിൽ വലിയ സന്തോഷവും അഭിമാനവും ഉണ്ട്. നവസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട് കുട്ടികൾ നേടിയ അറിവുകൾ പ്രയോജനപ്പെടുത്തി അവർ തന്നെനേതൃത്വം കൊടുത്ത് തയ്യാറാക്കിയ ഈ സംരംഭത്തിന് എല്ലാ ആശംസകളും നേരുന്നു....."**

**R.V. രാമകൃഷ്ണൻ**
**ഹെഡ്മാസ്റ്റർ,GHS വെള്ളിനേഴി**




WELCOME

# വെള്ളിനേഴിയുടെ സ്വന്തം വിദ്യാലയം!



# സ്കൂളിന്റെ സർഗ്ഗഭാവനകൾ

## നിങ്ങൾ എന്നെ ഓർക്കുമോ?

ഞാൻ ......
എന്നെ നിങ്ങൾക്ക്  പരിചയപ്പെടുത്തേണ്ടതില്ല
വിസ്മരിച്ച നിങ്ങളെന്നെ......
എന്റെ നീലച്ചേല നിങ്ങൾ എല്ലാവരും ചേർന്ന് വലിച്ച് കീറി
എന്നെയൊരു വിഷകന്യകയാക്കി
ഞാൻ ഒഴുകിയ വഴികളെല്ലാം  നിങ്ങൾ തടഞ്ഞു.....
നിങ്ങളിരിക്കുന്ന വഴികളിലൂടെ ഞാൻ ഒഴുകി....
ഞാൻ തനിച്ചായിരുന്നില്ല,
ഗിരിനിരകളും വർഷവും എനിക്ക് തുണയേകി....
എന്റെ  വിലാപം നിങ്ങൾ കേട്ടില്ല.....
ഞാൻ ഇങ്ങനെ പ്രതികരിച്ചു.....
എല്ലാവരും ചേർന്ന് എന്നെ പഴിച്ചു...
എണ്ണിയെണ്ണിപ്പറയും ഞാൻ,
നിങ്ങൾ ചെയ്ത ഓരോ പാതകങ്ങളും....
അക്കമിട്ടു നിരത്തും ഞാൻ,
ഞാൻ അനുഭവിച്ച ഓരോ പീഡനങ്ങളും....
എനിക്ക് പറയാൻ ഉള്ള  ന്യായങ്ങളും....
നിങ്ങൾക്ക്  എന്നെ മനസ്സിലായിട്ടുണ്ടാകുമെന്നു കരുതുന്നു
ഇന്ന് ഞാൻ  വീണ്ടും ഒഴുകുന്നു,
വെറുമൊരു നീർച്ചാലായി!

നിമിഷ എസ്.
10 C

# വിലയില്ലാത്തൊരു ഓർമ്മ

ബോംബുകൾ പൊട്ടും നഗരത്തിൽ
ഒരു തേങ്ങലിനെന്തു വില?
എങ്കിലും ഇന്നും തേങ്ങുന്നൊരു-
കിളി ഏതോ ശിഖരത്തിൽ
ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടൊരീ-
കിളിതൻ തേങ്ങൽ പ്രപഞ്ചമെങ്ങും
മുഴങ്ങുന്നു........
ഈ മുഴക്കവും ഇല്ലാതാവും
ഓർമ്മതൻ നിഗൂഢതയിൽ...............

ശ്രീലക്ഷ്മി പി
**8 സി**

# ബ്ലാക്ക് & വൈറ്റ്



വിഷ്ണു. പി

# അതിജീവനം

നൂറ്റാണ്ടു കണ്ട വലിയ പ്രളയമാണ് നമുക്കു മുൻപിലൂടെ കടന്നുപോയത്.കേരളത്തിന്റെ അഭിമാനവും അഹങ്കാരവുമായിരുന്ന 'മഴ' പേമാരിയായി പെയ്ത് കേരളത്തെ വിഴുങ്ങുമെന്ന് ആരും കരുതി യില്ല. ആർക്കും തടുക്കാനാവാതെ ആരെയും കൂസാതെ സംഹാരതാണ്ഡ- വമാടിയ മഴ പലർക്കും ഇനിയെന്ത് ?എന്ന ചോദ്യചിഹ്നംബാക്കിനൽകി.

പ്രളയം നമ്മുടെ കേരളത്തെ വിഴുങ്ങിയപ്പോൾ ഉറ്റവരെയും ഉടയവരെയും നെഞ്ചോടടക്കിപ്പിടിച്ച് ജീവനുവേണ്ടി ദുരിതാശ്വാസക്യാ മ്പുകളിലേക്ക് ഓടിയവർ...ഒരുതുള്ളിവെള്ളത്തിനുംഭക്ഷണത്തിനുംവേണ്ടി അലമുറയിട്ടവർ, സ്വന്തം കൂടെപ്പിറപ്പുകളുടെ മരണത്തിനും ചലനമറ്റ ശരീരത്തിനും കാവലിരുന്നവർ... ഇതെല്ലാംനമ്മുടെ കൺമുൻപിലൂടെ തെളിഞ്ഞ് മറഞ്ഞുപോയി.ഒരായുസ്സുമുഴുവൻസമ്പാദിച്ചുണ്ടാക്കിയതെ ല്ലാം കണ്മുൻപിലൂടെ ഇല്ലാതായി.എല്ലാം ജലം കവർന്നെടുത്തു കൊണ്ടുപോയി.ഇങ്ങലെയെല്ലാം പ്രകൃതിദുരന്തം വാരിവിതറിയെങ്കിലും അന്നുണ്ടായ കൂട്ടായ്മ അത് വളരെ വലിയതാണ്.ചെറിയ വനെന്നോ വലിയവനെന്നോ വ്യത്യാസമില്ലാതെ 'നാമെല്ലാം മനുഷ്യർ' എന്ന ഒറ്റ ചിന്തയേ ഉണ്ടായിരുന്നുള്ളൂ. ഒരു പായയിൽ ഉറങ്ങിയും ഒരു പാത്രത്തിൽ ഭക്ഷിച്ചും.....അവിടെ ഒരു വർഗ്ഗീയതയ്ക്കും സ്ഥാനമുണ്ടാ- യിരുന്നില്ല...ഒരു മതത്തിനും. ഈപ്രളയംഅവസാനിച്ചപ്പോൾ നാമോർക്കുന്ന പേര് ഒന്നു മാത്രമേയുള്ളൂ, 'മത്സ്യത്തൊഴിലാളികൾ '. നമ്മുടെ ഹീറോസ്.!! മരണങ്ങളുടെ അവനിശ്ചിതത്വം മാത്രം മുന്നിൽ- കണ്ട പതിനായിരക്കണക്കിന് ജനങ്ങളുടെ ജീവിതത്തിലേയ്ക്ക് പ്രത്യാശ യുടെ തുഴയെറിഞ്ഞ കേരളത്തിന്റെ സൈനികർ.ചവിട്ടുപടിയായി സ്വന്തം ചുമൽ കാണിച്ചുകൊടുത്തവർ !! അവരെ എത്ര ചേർത്തുപിടിച്ചിട്ടും എത്ര കൈയ്യടിച്ചിട്ടും മതിയാകുന്നില്ല കേരളത്തിന്..കടലിന്റെ മക്കളേ നിങ്ങളുടെ സേവനത്തെക്കുറിച്ചോർത്ത് ഈ നാട് അഭിമാനിക്കുന്നു.

ഇനി നമുക്കു വേണ്ടത് നവകേരളം. പ്രകൃതിയോടിണങ്ങി പ്രകൃതിയെ തൊട്ടറിഞ്ഞ് ഒരു പുതിയ കേരളം. അതിനായി നമക്കൊന്നി ച്ച് പ്രയത്നിയ്ക്കാം....ഒരു നവകേരളത്തിനായ്, സുന്ദരകേരളത്തിനായ് .......

**നിനിത. പി , 9-c**

# ചില നറുങ്ങു നിമിഷങ്ങൾ- 'Hello English'













# ഹിമവാന്റെ മടിത്തട്ടിൽ!



വിഷ്ണു പി.
9-C

# NATURE

The nature is everything around us which surrounds us with environment. We see and enjoy it every moment. We always see natural changes, hear it, and feel it everywhere.
We should take full advantages of the nature and go out of home in the morning walk daily
to breath pure air and enjoy morning beauty of the nature. Although it will change the entire day. We feel that when the morning sun brought everything yellowish and orange.
In the evening when sun sets it again becomes dark orange and then light dark.
The nature is everything for us, but we do not do anything for it but we

are destroying it for just fulfilling our

selfish passions. In the modern technological world, lots of inventions were being exiting in front of the world not knowing about it's works against nature.
It is our responsibility to save the dyeing assets of nature to ensure it's existence forever on earth.
So we do not take any step towards the conservation of nature.
Our coming generations are in danger.
We should understand the worth and value of nature and try to maintain our mother earth.

**“NATURE CAN LIVE WITHOUT US**
**BUT WE CAN'T LIVE WITHOUT NATURE”**

**Devika J.8-C**

# സർഗ്ഗവിദ്യാലയം


POCO
SHOT ON POCO F1




POCO
SHOT ON POCO F1




POCO
SHOT ON POCO F1


POCO
SHOT ON POCO F1

# മലയാളം പഴഞ്ചൊല്ലുകൾ

- എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം.
- പയ്യെത്തിന്നാൽ പനയും തിന്നാം.
- കിളച്ചുണ്ടവനേ രുചിയുണ്ടാവൂ.
- പഴംചൊല്ലിൽ പതിരില്ല.
- കതിരിൽ വളം വെയ്ക്കരുത്.
- ചൊട്ടയിലെ ശീലം ചുടലവരെ.
- ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം.
- കണ്ടുമടുത്തവനോട് കടം വാങ്ങുക.
- വിത്തുഗുണം പത്തുഗുണം.
- കാണം വിറ്റും ഓണം ഉണ്ണണം.
- കട്ടവനെ കിട്ടിയില്ലെങ്കിൽ കിട്ടിയവനെ കട്ടവനാക്കുക.
- കയ്യൂക്കുള്ളവൻ കാര്യക്കാരൻ
- കണ്ടറിയാത്തവൻ കൊണ്ടറിയും.
- കാക്ക കുളിച്ചാൽ കൊക്കാവില്ല.
- കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്.
- ഓണത്തിനിടയ്ക്ക് പുട്ടുകച്ചവടം.
- ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.
- ഒന്നുകിൽ ആശാൻ നെഞ്ചത്ത്, അല്ലെങ്കിൽ കളരിയ്ക്ക് പുറത്ത്.
- ഓടുന്ന പട്ടിയ്ക്ക് ഒരുമുഴം മുമ്പേ.


**നവീൻ വി.പി., 9-C**

# പൂർവ്വവിദ്യാർത്ഥികൾ വീണ്ടും വിദ്യാലയത്തിലെത്തിയപ്പോൾ..









One child
one teacher
one book
one pen
can change the world.
- Malala Yousafzai

# <u>സൂക്തങ്ങൾ</u>

- സ്വാത്മനാം ശ്ലാഘതേ മൂഢ: (Self praise is no praise)
- വിഷസ്യ വിഷമൗഷധം. (Diamond cuts diamond)
- സ്വല്പസല്ലാപമാത്രേണ പുംസാം പരിചയോ ഭവേത്.(One word of a man shows his worth)
- ആശാജീവനഹേതു:സ്യാത് നിരാശാ മൃത്യകാരണം.(Hope is the anchor of the social. Hope is life, despair is death.)
- ജീവോ ജീവസ്യ ഭക്ഷക: (Man is the worst enemy of man.)
- ഏകാം ലജ്ജം പരിത്യജ്യ സർവ്വത്ര വിജയീ ഭവേത്. (Nothing can shame the shameless)
- ജാതസ്യ ഹി ധ്രുവോ മൃത്യു:(ധ്രുവം ജന്മ മൃതസ്യ ച) (Old order changes giving place to new.)
- നിരസ്ത പാദവേദേശേ ഏരണ്ടോവി ദ്രുമായതേ. (One eyed leading the blind.)
- "നരസ്യാഭരണം രൂപം

  രൂപസ്യാഭരണം ധനം

  ധനസ്യാഭരണം ജ്ഞാനം

  ജ്ഞാനസ്യാഭരണം ക്ഷമാ.”

  (മനുഷ്യന്റെ ആഭരണം രൂപമാണ്. രൂപത്തിന് ആഭരണം ധനം, ധനത്തിനാഭരണം ജ്ഞാനം, ജ്ഞാനത്തിനാഭരണം ക്ഷമാ.)

- ''വിദ്യാ ദദാതി വിനയം
  വിനയാത് യാതി പാത്രതാം
- പാത്രത്വാത് ധനമാപ്നോതി
  ധനാത് ധർമ്മ തത: സുഖം''

(വിദ്യ കൊണ്ട് വിനയവും വിനയം കൊണ്ട് യോഗ്യതയും യോഗ്യതയിലൂടെ ധനവും ധനത്താൽ ധർമ്മവും ധർമ്മത്തിലൂടെ സുഖവും സ്വായത്തമാക്കാം.)

അശ്വതി. കെ
9-A

# <u>ജാഗ്രത</u>!

(Beware of Mobile & Internet)




Love all,
Trust few.
Everything is real,
but not everyone is
true.
e-buddhism.com
fb/Buddhist Teaching

# GENERAL KNOWLEDGE

**1.**ഭൂമിയിൽ നിന്നും സൂര്യനിലേക്കുള്ള ശരാശരി ദൂരമെത്ര?

***1 അസ്ട്രോണമിക്കൽ യൂണിറ്റ്(AU)***

**2.**പ്രകാശത്തിന്റെ ശൂന്യതയിലെ വേഗതയെത്ര?

***3 ലക്ഷം km/s***

**3.**1 പാർസക്=

***3.26 പ്രകാശവർഷം***

**4.** അന്താരാഷ്ട്ര അളവു തൂക്ക ബ്യൂറോ ഏത് രാജ്യ-ത്തിന്റേതാണ്?

***ഫ്രാൻസ്***

**5.** താപനിലയുടെ SI യൂണിറ്റ്?

***കെൽവിൻ***

**6.**നൂലിൽ തൂക്കിയിട്ട ഒരു കാന്തം ഭൂമിയുടെ ഏതു ദിശയി-ലാണ് നിൽക്കുക?

***തെക്ക് വടക്ക്***

**7.**"മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, എന്നാൽ അവൻ എല്ലായിടത്തും ചങ്ങലകളിലാണ്"-ഇത് ആരുടെ വാക്കുകളാണ്?

***റൂസ്സോ***

**8**.ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനം?

***രാജസ്ഥാൻ***

**9.**ഐക്യരാഷ്ട്രസഭയിലെ ആകെ അംഗരാജ്യങ്ങളുടെ എണ്ണമെത്ര?


***193***


**10.**2018 ഫിഫ വേൾഡ്കപ്പ് ജേതാക്കൾ?

***ഫ്രാൻസ്***

**അനന്തു. കെ**

**9-C**


I dreamt
of a
country
where
education
would
prevail


Words of Wisdom
Happiness comes as a result
of our actions.
- Sree Narayana Guru
www.yogaindiameditation.com


# വിനീതയുടെ ആത്മാവ്

(അകാലത്തിൽ പൊലിഞ്ഞ ചളവറയിലെ വിനീതയ്ക്കായ്)

പറയാനേറെയുണ്ടായിരുന്നു-പക്ഷെ കാലം അനുവദിച്ചില്ല...
എഴുതുവാനേറെയുണ്ടായിരുന്നു-പക്ഷെ വിധി അനുവദിച്ചില്ല..
മാറിവരുന്ന ഋതുക്കളിൽ മനസ്സ് തുടി കൊട്ടിയിരുന്നു-
ഓരോ സൗഹൃദവും ഉണർവായിരുന്നു.
അമ്മയുടെ താരാട്ട് കേട്ട്, സ്വപ്നങ്ങൾക്ക്
നിറം ചാലിച്ച് വളർന്ന ബാല്യം.
പ്രശാന്തഗ്രാമത്തിൻ മടിത്തട്ടിൽ
പ്രസന്നവദനയായ് നടന്ന കൗമാരം.
പേറ്റുനോവറിഞ്ഞ് കവിതകളെഴുതിയ
നിദ്രാവിഹീനരാത്രികൾ.
മൗനം വെടിഞ്ഞെല്ലാത്തിനോടും
പ്രതികരിച്ചൊരെന്റെ തൂലിക.
ഇനി ചലിക്കയില്ലൊരിക്കലും -ഇനിയെന്റെ
തൊണ്ട ചിലക്കില്ലൊരിക്കലും.
നെഞ്ചിലെ ചൂടാരിയൊരെന്റെ ശരീരം -കണ്ടിട
നെഞ്ചു പൊട്ടിക്കരയുമെന്റെ രക്ഷിതാക്കൾ.
കിടന്നിട്ടുണ്ട ഞാനച്ഛന്റെ നെഞ്ചിലെ
ചൂടേറ്റെന്റെ ബാല്യത്തിൽ.
കലാലയകവാടത്തിനു മുന്നിലിപ്പൊഴു-
മുറഞ്ഞുകിടക്കയാണെന്റെ രക്തം.
കരയരുതമ്മേ, ഒരു സൂനമായ് വിടർന്ന്
സൗരഭ്യം പൊഴിച്ച് കൊഴിയുവാനാണെന്റെ വിധി....

**സുരേഷ് കുമാർ എൻ., ക്ലർക്ക്**

# ഒരു രസികൻ വിചാരം!





വിഷ്ണു പി.
9-C

## നൈമിഷികം

തോരാനുള്ളതുതന്നെയാണേതൊരു മഹാമാരിയും
തീരാനുള്ളതാണേതു ദുർ വാശിയും
അസ്തമിക്കും ഏത് ഏകാധിപത്യവും
ഹസ്തങ്ങൾ കോർത്തുകൊൾകിഹ നാം മാനവാ....
ആ മഹാമാരി തോർന്നീടുകിൽ പിന്നെ
ആമോദരായ് വല്ലികൾ, പുഷ്പശലഭങ്ങൾ
ഉയിരിൻ തുടിപ്പുകൾ തുടികൊട്ടിയുണരുന്നു
ജീവജാലങ്ങളോ കാഹളം മുഴക്കുന്നു
അക്കാഹളം കേട്ടു തകർന്നു പതിച്ചുപോയ്
ദുഷ്ടശക്തികൾ ഏകാധികാരികൾ
ധരിച്ചുകൊൾക നീയെൻ വചനങ്ങളും
നൈമിഷികമാണെല്ലാം ധരിത്രിയിൽ
ഉണരുക , മർത്യനായ് അന്ത്യം കുറിക്കുക
പിണഞ്ഞുകിടക്കുന്ന തിന്മകൾക്കെല്ലാമേ
തോരാനുള്ളതുതന്നെയാണേതൊരു മഹാമാരിയും
വറ്റാനുള്ളതാണേതു ദുഃഖസാഗരവും.

നിമിഷ എസ്.
10-C


WHYKOL.COM
ശ്രമത്തിലാണ്,
ഫലപ്രാപ്തിയിലല്ല
സംതൃപ്തി ഉളവാകുന്നത്..
സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണ വിജയമാകുന്നു!
www.whykol.com www.whykol.com www.whykol.com


Raise your words,
not voice. It is rain
that grows flowers,
not thunder.
fb/ Buddhist Teaching

# തക്കേനക്ക

(ആഗസ്റ്റ് 6 ഹിരോഷിമ ദിനം. ചരിത്രത്തിലെ സമാനതകളില്ലാത്ത കറുത്ത ദിനം. അതിൽ ദുരന്തം വരിക്കേണ്ടിവന്ന തക്കേനുക്ക എന്ന കോളേജദ്ധ്യാപകന്റെ ദുരനുഭവങ്ങൾ ആവിഷ്ക്കരിക്കുന്ന കവിത)

മയക്കം വിട്ടുണർന്നിട്ടേറെയായെങ്കിലും
തലയുയർത്തുവാൻ വയ്യ, മേലാകെ നോവുന്നൂ
ദഗ്ധവിപിനം പോൽ പുകയുന്നു, മാനസം......
അയയുകയല്ല , യുദ്ധം മുറുകുകയയത്രേ!
ആ വാർത്ത ഇടിത്തീ കണക്കെ,
എൻ ഹൃദയം പിളർക്കുന്നൂ........
ഈ യുദ്ധമൊന്നു തീർന്നെങ്കിൽ..........
എത്ര നിർനിദ്രരാക്കളിൽ , ഈ വിധം ഞങ്ങൾ
പ്രാർത്ഥിച്ചു,.......തീവ്രമായ്
ഒക്കെയും നിഷ്ഫലം!!!!
കാതുകുത്തിത്തുളയ്ക്കുന്നോരച്ചയോടെത്ര
താഴ്ന്നു പറപ്പൂ വിമാനങ്ങൾ,
പൊട്ടുകയാണ് മിസൈലുകൾ, ബോംബുകൾ
വീശുകയാണ് തീക്കാററു ചുററിലും
രാപ്പകൽ ഭേദമില്ലാതെ കത്തുന്നു
ജനപദങ്ങളും നഗരഗ്രാമങ്ങളും
അന്തരീക്ഷത്തിൽ മാറ്റൊലിക്കൊള്ളുന്നു
പാതിവെന്ത മനുഷ്യർതൻ രോദനം.....

സൂര്യൻപോലും മറന്നുവോ,ഞങ്ങളെ....

കരിംഭൂതമായ് മുടിയഴിച്ചാടുന്നു ,വ്യോമവും...
ഇന്നലെ രാവിലെൻ വീട്ടിൽ പതിച്ചോരു
മിസ്സൈലെന്റെ കുടുംബമാകെ തകർത്തുപോയ്...
ഞാനിന്നിവിടെയീ ഷെൽട്ടറിലീവിധം
പാതി ചത്തൊരു ജീവച്ഛവംപോലെ!!
ആരായിരുന്നു ഞാൻ ? 'തക്കേനുക്കയോ'?
ഹിരോഷിമായൂണിവേഴ്സിററിയിലെ വിഖ്യാതനാം
പ്രഫസറോ?
ആരാകിലെന്ത് ?ഉടൽ പാതി വെന്ത് ,
ആകെ കരിഞ്ഞൊരു വികൃതരൂപിക്ക്
ഇത്തരം അലങ്കാരമൊക്കെയും നിരർത്ഥകം!
കത്തുന്ന വീട്ടിൽനിന്നും ഇട്ട വസ്ത്രങ്ങൾ പോലും
കത്തിയ മട്ടിൽ ഞാനിന്നലെ രാവിൽ
കൈയിലൊരരിയുണ്ടയുമായ് പ്രാണൻ പിടഞ്ഞോടവേ,
വഴിയിലെവിടെയോ വീണുപോയത്രേ കഷ്ടം!
ഇവിടെയീ ഷെൽട്ടറിൽ
അർദ്ധപ്രാണനാമായിരങ്ങളോടൊത്തു
മരണം കാത്തു കിടക്കവെ, കാണുന്നു ഞാൻ
തങ്ങൾതൻ വിജയത്തിൽ ഹർഷോന്മാദംകൊള്ളും
ചിലരെ,
വിദൂരസ്ഥലികളിലെവിടെയോ കരൾ
പിളരുംവേദനയുമാ-
യാഭ്രാതാക്കളോടർത്ഥിക്കുകയാണ് ഞാൻ-
"ഇത്തരം വിജയങ്ങളിനിമേലൊരിക്കലും
ആവർത്തിച്ചീടരുതേ നിങ്ങൾ "!

മുകുന്ദൻ കുറവട്ടൂർ
(മലയാളം അധ്യാപകൻ)

# മിടുക്കർക്ക് പ്രോത്സാഹനങ്ങൾ!









# അനുബന്ധം

ആർദ്രമീ ധനുമാസരാവിലൊന്നിൽ
ആതിരവരും, പോക,മല്ലേ സഖീ?ഞാനീ
ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ; നീയെ-
ന്നണിയത്തുതന്നെ നിൽക്കു, ഇപ്പഴങ്ങു-
ടൊരു ചുമയ്ക്കിടറിവീഴാം.

വ്രണിതമാം കണ്ഠത്തിലിന്നു നോവിത്തിരി-
ക്കുറവുണ്ട്, വളരെ നാൾകൂടി
നേരിയ നിലാവിന്റെ പിന്നിലെയനന്തതയി-
ലലിയുമിരുൾ നീലിമയിൽ,
എന്നോ പഴകിയൊരോർമ്മകൾ മാതിരി,
നിന്നു വിറയ്ക്കുമീയേകാന്തതാരകളെ
ഞാനൊട്ടു കാണട്ടെ, നീ തൊട്ടുനിൽക്കൂ.
ഓരോ നിറംകൊണ്ടു നേരമളന്നും
ഓരോ രവംകൊണ്ടു രൂപമറിഞ്ഞും
ഓരോ മരുന്നുകളിലന്തികളിഴഞ്ഞും
ഒരു കരസ്പർശത്തി,ലൊരു നേർത്ത തേങ്ങലി-
ലിരനിൻ വ്രണങ്ങളിൽ കുളിരു ചുറഞ്ഞും
കഴയുമീ നാളുകളി,ലൊച്ചയുണ്ടാക്കാതെ-
യാതിരവരുന്നുവെന്നോ സഖീ?
ആതിരവരുന്നേരമൊരുമിച്ചുകൈകൾ കോർ-
ത്തെതിരേൽക്കണം നമുക്കിക്കുറി;വരുകൊല്ല-
മാരെന്നു,മെന്തെന്നു,മാർക്കറിയാം!

എന്തു, നിൻമിഴിയിണ തുളുമ്പിയെന്നോ, സഖീ,

ചന്തം നിറയ്ക്കകി ശിഷ്ടദിനങ്ങളിൽ.

മിഴിനീർച്ചവർപ്പുപെടാതീ മധുപാത്ര-

മടിയോളം മോന്തുക; നേർത്ത നിലാവിന്റെ-

യടിയിൽ തെളിയുമിരുൾ നോക്കു-

കിരുളിന്റെയറകളിലെയോർമ്മകളെടുക്കുക.

ഇവിടെയെന്തോർമ്മകളെന്നോ,
നെറുകയിലിരുട്ടേന്തിപ്പാറാവു നിൽക്കുമീ
തെരുവുവിളക്കുകൾക്കപ്പുറം
ബധിരമാം ബോധത്തിനപ്പുറം

ഓർമ്മകളൊന്നുമില്ലെന്നോ? ഒന്നുമില്ലെന്നോ?

പലനിറം കാച്ചിയ വളകളണിഞ്ഞുമഴിച്ചും,

പലമുഖം കൊണ്ടുനാം തമ്മിലെതിരേറ്റും,

നൊന്തും പരസ്പരം നോവിച്ചും, മൂപതി-
റ്റാണ്ടുകൾ നീണ്ടൊരീയറിയാത്ത വഴികളിൽ
എത്ര കൊഴുത്ത ചവർപ്പു കുടിച്ചുവറ്റിച്ചു നാം

ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ!

ഓർമ്മകളുണ്ടായിരിക്കണം, ഒക്കെയും
വഴിയോരക്കാഴ്ചകളായ്

പിറകിലേക്കോടി മറഞ്ഞിരിക്കാം.

പാതിയിലേറെക്കടന്നുവല്ലോ, വഴി.

ഓർമ്മകളുണ്ടായിരിക്കണം:അല്ലെങ്കി-

ലാതിര വരുന്നുവെന്നെങ്ങനെയറിഞ്ഞു നാം?

ഇത്തിരിക്കൂടെനടന്നവ, കിന്നാര-

മിത്തിരി ചൊന്നവ, കണ്ണീരുറക്കെ-
ച്ചിരിച്ചു കവിളുതുടിച്ചവ,
ഏറെക്കരഞ്ഞു കൺപോള കനത്തവ,
കെട്ടിപ്പുണർന്നു മുകർന്നവ,
കുത്തിപ്പിളർന്നു മരിച്ചവ, കൊന്നവ,
മൊട്ടായിപ്പൂഴുതിന്നു, പാതിവിടർന്നു
പെരുവഴിയിൽ ഞെട്ടറ്റടർന്ന് പതിച്ചവ,
വഴിപോക്കരിരുളിൽ ചവുട്ടിയരച്ചവ,
ഓരാതിരിക്കേച്ചവിട്ടടികളിൽപ്പുള-
ഞ്ഞുൽഫണമുയർന്നാടി നിന്നവ – ഒക്കെയും
ഒക്കെയുമോർമ്മകളായിരിക്കാം,
ഓർക്കാൻ കഴിവീലവതൻ മുഖങ്ങൾ.

ഏതാണ്ടൊരോർമ്മ വരുന്നുവോ?
ഓർത്താരുമോർക്കാതിരുന്നാലും, ആതിര-
യെത്തും, കടന്നുപോമീ വഴി;
നാമിജ്ജനലിലൂടെതിരേൽക്കും, ഇപ്പഴയൊ-
രോർമ്മകളൊഴിഞ്ഞ താലം, തളർന്നൊട്ടു
വിറയാർന്ന കൈകളിലേന്തി, യതിലൊറ്റ
മിഴിനീർ പതിക്കാതെ, മനമിടറാതെ.


കാലമിനിയുമുരുളും, വിഷുവരും,
വർഷം വരും, തിരുവോണം വരും, പിന്നെ-
യോരോ തളിരിനും പൂ വരും, കായ് വരും- അപ്പൊ-


ളാരെന്നുമെന്തെന്നുമാർക്കറിയാം? നമു-
ക്കിപ്പൊഴീയാർദ്രയെശ്ശാന്തരായ്,
സൗമ്യരായെതിരേൽക്കാം,
വരിക സഖി, യരികത്തു ചേർന്നു നിൽക്കൂ:
പഴയൊരു മന്ത്രം സ്മരിക്ക, നാമന്യോന്യ-
മൂന്നുവടികളായ് നിൽക്കാം;
ഹാ! സഫലമീയാത്ര.

എൻ.എൻ. കക്കാട്.



# QUOTES


സ്വപ്നം കാണുക,
ആ സ്വപ്നങ്ങളെക്കുറിച്ച്
ചിന്തിക്കുക,
ആ ചിന്തകളെ
പ്രവർത്തിയിലൂടെ
സഫലമാക്കുക..


Words of Wisdom
The awareness that everything is 'me' creates no fear. That thought or feeling is called non duality
- Sree Narayana Guru
www.yogaindiameditation.com


ASK NOT WHAT
YOUR COUNTRY
CAN DO FOR YOU
ASK WHAT
YOU CAN DO FOR
YOUR COUNTRY
John F. Kennedy
celebquote.com

# The Little Kites Team




# മികവിന്റെ അംഗീകാരങ്ങൾ!







# സ്മാർട്ട് സ്കൂൾ!









# ഇവർ ഞങ്ങളുടെ വഴികാട്ടികൾ!



# SSLC Special Coaching



# 'നിരാലീ' – ഹിന്ദി



# ഈ വരാന്തയിലൂടൊരിക്കൽ കൂടി....



# ഭരതവാക്യം

"ഇനി അവശേഷിക്കുന്നത് നന്ദിയാണ്.

നന്ദി......

ഈ ഒരു ഉദ്യമം വിജയിപ്പിക്കാൻ ഞങ്ങൾക്ക് പിന്തുണയേകിയ ഏവർക്കും ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന് .....

ഇതിൽ ഞങ്ങളുടെ ഒരുപാടുപേരുടെ പ്രയത്നമുണ്ട്.

പൂർണമെന്ന കാപട്യമില്ല......

അപൂർണമെന്ന അതിവിനയവുമില്ല....

ഞങ്ങളുടെ കഴിവിനും പരിമിതികൾക്കും ഉള്ളിൽ നിന്നുകൊണ്ട് ഇത്രയെങ്കിലും ചെയ്യാൻ കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യം മാത്രം...

**നന്ദി.**


FIND
YOUR
BLISS


Thank you